# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5736** **02.07.2019 ലെ മറുപടി**

## ചാലക്കുടി മണ്ഡലത്തിലെ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി:** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | സ്വീകരിക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ പ്ലാൻ സ്കീമിൽ 4702-00-101-97-ന്യൂ എൽ.ഐ സ്കീം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി പുതിയ എൽ.ഐ.സ്കീമുകളുടെ നിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചു വരുന്നു. |
| (ബി) | ചാലക്കുടി മണ്ഡലത്തിൽ കുടിവെള്ളത്തിനും ജലസേചനത്തിനും സഹായകരമാകുന്ന വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | ചാലക്കുടി മണ്ഡലത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 2019 മാർച്ച് 2ന് ഉദ്ഘാടനം ചെയ്തു. ചാലക്കുടി മണ്ഡലത്തിലെ മറ്റൊരു പദ്ധതിയായ കാട്ടുകുറ്റി പഞ്ചായത്തിലെ തോട്ടത്തിൽ കടവ് ചെറാലക്കുന്ന് ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട് ആന്റ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ സിവിൽ പ്രവൃത്തികൾ 95 ശതമാനം പൂർത്തീകരിച്ചു.<br><br>കൂടാതെ ചാലക്കുടി മണ്ഡലത്തിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ചാലിൻചിറ, വലിയചിറ, താങ്ങുചിറ, തട്ടുപാറ എന്നീ നാല് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്കായി 125 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുക വഴി 102.81 ഹെക്ടർ കൃഷി ഭൂമിക്ക് ജലസേചന സൗകര്യം ഒരുക്കുവാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**